LIBRARY ARCHIVES Kerala Legislative Assembly

സ്ഥിതി ചെയ്യുന്ന പ്രദേശത്തെ വീടുകൾക്ക് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനും, നടവഴി കോൺക്രീറ്റ്, സോളാർവിളക്ക് സ്ഥാപിക്കൽ, അവശേഷിക്കുന്ന വീടുകളുടെ മെയിന്റനൻസ് എന്നീ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് എടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സംരക്ഷണഭിത്തിയുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കോളനിയിലെ മൂന്ന് വീടുകൾ വളരെ അപകടാവസ്ഥയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(സി) പ്രസ്തുത കുടുംബങ്ങളെ സംരക്ഷിക്കുന്നതിനായി അവർക്ക് വേറെ വീടും സ്ഥലവും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രദേശം അഗാധ താഴ്ചയിലായതിനാൽ സംരക്ഷണ ഭിത്തി നിർമ്മിക്കുവാൻ കോടികളുടെ ചെലവ് വരുമെന്ന് നിർമ്മിതികേന്ദ്രം അറിയിച്ചിട്ടുണ്ട്. ടി വീടുകാരെ മാറ്റിപ്പാർപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

വൈപ്പിൻ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ

14(5461) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ 2016-2021 കാലഘട്ടത്തിൽ പട്ടികജാതി കോളനികളിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

&

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽപ്പെടുത്തി പുനരുദ്ധരിച്ച കോളനികൾ ഏതെല്ലാമെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്തെന്നും വ്യക്തമാക്കാമോ?

(എ&ബി) വൈപ്പിൻ നിയോജകമണ്ഡലത്തിൽ 2016-2021 കാലഘട്ടത്തിൽ പട്ടികജാതി കോളനികളുടെ നവീകരണത്തിനായി കോർപ്പസ് ഫണ്ട് പദ്ധതി, അംബേദ്കർ ഗ്രാമ വികസന പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. അംബേദ്കർ ഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി ഒ.എൽ.എച്ച് കോളനിയും (പള്ളിപ്പുറം പഞ്ചായത്ത്) ഐ.എച്ച്.ഡി.പി. കോളനിയും (നായരമ്പലം പഞ്ചായത്ത്)

പുനരുദ്ധരിച്ചിട്ടുണ്ട്. ഒ.എൽ.എച്ച്. കോളനിയിലെ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചു. ഐ.എച്ച്.ഡി.പി. കോളനിയിൽ 65% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് 2016-2021 കാലഘട്ടത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ട് പദ്ധതിയിലുൾപ്പെടുത്തി വികസന പ്രവർത്തനങ്ങൾക്കായി കോളനികളെ തെരഞ്ഞെടുത്തിരുന്നുവെങ്കിലും കരാറുകാർ പദ്ധതികൾ ഏറ്റെടുക്കുവാൻ തയ്യാറാകാത്തതുമൂലം റദ്ദ് ചെയ്യുകയുണ്ടായി.

അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതി

15(5462) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ എടയൂർ പഞ്ചായത്തിലെ പൊറ്റേക്കളംപടി, പൊൻമള പഞ്ചായത്തിലെ തെക്കേക്കര കോളനി, ഇരിമ്പിളിയം പഞ്ചായത്തിലെ പോക്കാട്ടുകുഴി കോളനി എന്നിവയുടെ പ്രവൃത്തി പുരോഗതി അറിയിക്കുമോ?

പൊറ്റേക്കളംപടി കോളനി (2016-17) ഇന്റേണൽ പാത്ത് വേ/ ഫുട്ട്പാത്ത്, സൈഡ് പ്രൊട്ടക്ഷൻ വാൾ, കവാടം, ഡ്രിങ്കിംഗ് വാട്ടർ ഫെസിലിറ്റി, ഭവന പുനരുദ്ധാരണം എന്നീ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ഡ്രെയിനേജ് ഫെസിലിറ്റി എന്ന പ്രവൃത്തി പൂർത്തീകരിക്കേണ്ടതുണ്ട്. തെക്കേക്കര പട്ടികജാതി കോളനി (2016-17) ഭവന പുനരുദ്ധാരണം നടപ്പാക്കുന്ന 38 വീടുകളിൽ 32 വീടുകൾ പൂർത്തിയായിട്ടുണ്ട്. ഇലക്ട്രിഫിക്കേഷനും, റീടെയിനിംഗ് വാൾ എന്നീ പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്. ഇന്റേണൽ റോഡ്, ഡ്രിങ്കിംഗ് വാട്ടർ ഫെസിലിറ്റി, ഡ്രെയിനേജ് ഫെസിലിറ്റി എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതുണ്ട്. പോക്കാട്ട്കുഴി പട്ടികജാതി കോളനി (2019-20) നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തി നടന്നുവരുന്നു.

(ബി) പദ്ധതി അടിയന്തരമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly